POLICE DEPARTMENT
KERALA

**No. L4-152263/2025/PHQ**
പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
✉phq.pol@kerala.gov.in
☏04712721547
തീയതി. 04-08-2025

## വിജ്ഞാപനം (സംസ്ഥാനതലം)

കേരള പോലീസ് വകുപ്പിലെ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികയിൽ നിലവിലുള്ള ആകെ ഒഴിവുകളുടെ 10% വീതം ഒഴിവുകളിലേക്ക് തസ്തിക മാറ്റം വഴി നിയമനം നടത്തുന്നതിന് താഴെപ്പറയുന്ന വിഭാഗങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

(i) പോലീസ് കോൺസ്റ്റബിൾ / വനിതാ പോലീസ് കോൺസ്റ്റബിൾ, സിവിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിലുള്ളവരിൽ നിന്നും

(ii) പോലീസ് വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് / അറ്റൻഡർ / ക്യാമ്പ് ഫോളോവർ / ബോട്ട് ക്രൂ എന്നീ തസ്തികയിലുള്ള ജീവനക്കാരിൽ നിന്നും

**ഒഴിവുകൾ : 18** (ടി ഒഴിവുകളിലേക്ക് 1:1 എന്ന അനുപാതത്തിൽ (i), (ii) എന്നീ വിഭാഗങ്ങളിൽ നിന്നും നിയമനം നടത്തുന്നതാണ്) .

**വിദ്യാഭ്യാസ യോഗ്യത :** ഹയർസെക്കൻഡറി ( പ്ലസ് ടു) / തത്തുല്യം

**വയസ്സ് :** 01/01/2025 ന് 35 വയസ്സ് പൂർത്തിയാകരുത്.

**അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി :** 25/08/2025

**സാങ്കേതിക യോഗ്യത : (i)** ഗിയർ ഉള്ള മോട്ടർസൈക്കിൾ, ലൈറ്റ് മോട്ടർ വാഹനം, ഹെവി പാസഞ്ചർ വാഹനം, ഹെവി ചരക്ക് വാഹനം എന്നിവയ്ക്ക് ഡ്രൈവറുടെ ബാഡ്ജ് ഉള്ള നിലവിൽ സാധുതഉള്ള ഡ്രൈവിംഗ് ലൈസൻസ്.

**(ii)** ലൈറ്റ് മോട്ടോർ വാഹനങ്ങൾ, ഹെവി പാസഞ്ചർ വാഹനങ്ങൾ, ഹെവി ചരക്ക് വാഹനങ്ങൾ എന്നിവ ഓടിക്കുന്നതിനുള്ള പ്രാവീണ്യം സെലക്ഷൻ ബോർഡ് നടത്തുന്ന ഒരു പ്രായോഗിക പരീക്ഷയിൽ തെളിയിക്കേണ്ടതാണ്.

**ശാരീരിക ക്ഷമത :** എല്ലാ ഉദ്യോഗാർത്ഥികളും ശാരീരിക ക്ഷമത ഉള്ളവരും താഴെപ്പറയുന്ന കുറഞ്ഞ ശാരീരിക നിലവാരം പുലർത്തുന്നവരും ആയിരിക്കണം.

**(i)** ഉയരം :- പുരുഷന്മാർക്കും സ്ത്രീകൾക്കും യഥാക്രമം 168 Cm, 157 Cm ഉയരം ഉണ്ടായിരിക്കണം.

**(ii)** നെഞ്ച് അളവ് :- (പുരുഷ ഉദ്യോഗാർത്ഥികൾക്ക് മാത്രം) ചുരുങ്ങിയത് 5 സെന്റിമീറ്റർ വികാസത്തോടെ 81 സെന്റിമീറ്ററിൽ താഴെയായിരിക്കരുത്.

(കുറിപ്പ്:- പട്ടികജാതി/പട്ടികവർഗ പുരുഷ ഉദ്യോഗാർത്ഥികളുടെ ഏറ്റവും കുറഞ്ഞ ഉയരവും നെഞ്ചിന്റെ അളവുകളും യഥാക്രമം 161 സെന്റിമീറ്ററും 76 സെന്റിമീറ്ററും, പട്ടികജാതി/പട്ടികവർഗക്കാരായ സ്ത്രീ ഉദ്യോഗാർത്ഥികളുടെ ഏറ്റവും കുറഞ്ഞ ഉയരം 151 സെന്റിമീറ്ററും ആയിരിക്കണം. എങ്കിലും SC/ST പുരുഷ ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് 5 സെന്റിമീറ്റർ നെഞ്ച് വിപുലീകരണം ബാധകമാണ്.)

**(iii)** കണ്ണിന്റെ കാഴ്ച - അപേക്ഷകർക്ക് താഴെ വ്യക്തമാക്കിയിരിക്കുന്ന ദൃശ്യ നിലവാരം ഉണ്ടായിരിക്കണം

കണ്ണടയില്ലാതെ

**<u>വിദൂര ദർശനം</u>**

(i) വലത് കണ്ണ് - 6/6 സ്നെല്ലെൻ

ഇടത് കണ്ണ് - 6/6 സ്നെല്ലെൻ

**<u>സമീപകാഴ്ചയ്ക്ക്</u>**

വലത് കണ്ണ് - 0.5 സ്നെല്ലെൻ

ഇടത് കണ്ണ് - 0.5 സ്നെല്ലെൻ

(ii) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം.

(കുറിപ്പ് - വർണ്ണാന്ധത, നിശാന്ധത, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണുകളുടെ ഏതെങ്കിലും രോഗാവസ്ഥ എന്നിവ ഒരു അയോഗ്യതയായി കണക്കാക്കും)

**<u>തിരഞ്ഞെടുക്കൽ നടപടിക്രമം</u>**

(1) അപേക്ഷാ ഫോറം കേരള പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ് www.Keralapolice.gov.in.

(2) കൃത്യമായി പൂരിപ്പിച്ച അപേക്ഷാ ഫോറം, പ്രായം, വിദ്യാഭ്യാസ യോഗ്യത, സാങ്കേതിക, യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ആംഡ് പോലീസ് ബറ്റാലിയൻ, പേരൂർക്കട, തിരുവനന്തപുരം -695005 എന്ന വിലാസത്തിൽ യൂണിറ്റ് മേധാവി മുഖേന സമർപ്പിക്കേണ്ടതാണ്.

(3) അപേക്ഷ സമർപ്പിക്കുന്ന കവറിന് പുറത്ത് മുകളിലായി **"തസ്തികമാറ്റം വഴി പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികയിലേക്കുള്ള നിയമനം നൽകുന്നത് സംബന്ധിച്ച്"** എന്ന് എഴുതിയിരിക്കണം.

(4) അപൂർണ്ണമായ അപേക്ഷകൾ മുൻകൂട്ടി അറിയിക്കാതെ നിരസിക്കുന്നതായിരിക്കും.

(5) സംസ്ഥാന പോലീസ് മേധാവി രൂപീകരിച്ച ഒരു സെലക്ഷൻ കമ്മിറ്റി നടത്തുന്ന പ്രായോഗിക പരീക്ഷ / കായിക ക്ഷമതാ നിർണയം തുടങ്ങിയ സെലക്ഷൻ ട്രയലുകളിലൂടെയാണ് യോഗ്യരായ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നത് .

(6) തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളെ മെഡിക്കൽ /കാഴ്ച പരിശോധനകൾക്ക് വിധേയമാക്കുന്നതും യോഗ്യരായ പോലിസ് കോൺസ്റ്റബിൾ / സിവിൽ പോലിസ് ഓഫീസർ അല്ലെങ്കിൽ തത്തുല്യ തസ്തികയിൽ നിന്നും വന്നവർ ഒഴികെയുള്ളവരെ സംസ്ഥാന പോലിസ് മേധാവിയുടെ അംഗീകാരത്തിനു വിധേയമായി 9 മാസത്തെ പരിശീലനത്തിന് നിയമിക്കുന്നതും പരിശീലനം വിജയകരമായി പൂർത്തിയാക്കിയവരെ കേരള പോലീസ് കോൺസ്റ്റബിൾ ഡ്രൈവറായി സംസ്ഥനതലത്തിലെ ഒഴിവുകളിൽ നിയമിക്കുന്നതുമാണ്. പോലിസ് കോൺസ്റ്റബിൾ / സിവിൽ പോലിസ് ഓഫീസർ അല്ലെങ്കിൽ തത്തുല്യ തസ്തികയിൽ നിന്നും തെരഞ്ഞെടുക്കപെട്ടവർ വാഹന സംബന്ധമായ പരിശീലനം പൂർത്തിയായ ശേഷം ടി തസ്തികയിൽ സംസ്ഥനതലത്തിലെ ഒഴിവുകളിൽ നിയമിക്കുന്നതാണ്.

G. Poongu...

പൂങ്കുഴലി ജി ഐ പി എസ്
അസിസ്റ്റൻറ് ഇൻസ്പെക്ടർ ജനറൽ
For Director General of Police-cum-State
Police Chief

POLICE DEPARTMENT
KERALA

**No. L4-152263/2025/PHQ(1)**

പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
phq.pol@kerala.gov.in
04712721547
തീയതി. 04-08-2025

കേരള പോലീസ് വകുപ്പിലെ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികയിലേക്ക് പി.സി/സിപിഒ/ ഓഫീസ് അറ്റൻഡർ/അറ്റൻഡർ/ക്യാമ്പ് ഫോളോവർ/ബോട്ട് ക്രൂ എന്നീ തസ്തികയിൽനിന്നും തസ്തിക മാറ്റം വഴി നിയമനം നടത്തുന്നതിനുള്ള അപേക്ഷയുടെ മാതൃക

അപേക്ഷകന്റെ ആറുമാസത്തിനകം എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ ഇവിടെ പതിക്കുക

| | | |
|---|---|---|
| 1 | പേര് | |
| 2 | പെൻ | |
| 3 | നിലവിലെ തസ്തികയും യൂണിറ്റും | |
| 4 | ജനന തീയതി | |
| 5 | പ്രായം | |
| 6 | സർവീസിൽ പ്രവേശിച്ച തീയതി | |
| 7 | വിദ്യാഭ്യാസ യോഗ്യത (സാക്ഷ്യപത്രം പകർപ്പുകൾ അടക്കം) | |
| 8 | ഉയരം | |
| 9 | സ്ഥിരം മേൽവിലാസം | |
| 10 | നിലവിലുള്ള മേൽവിലാസം | |

| | | |
|---|---|---|
| | | |
| 11 | പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ | |
| 12 | താലൂക്ക് | |
| 13 | ജില്ല | |
| 14 | മൊബൈൽ നമ്പർ | |
| 15 | ആധാർ നമ്പർ | |

മുകളിൽ നൽകിയിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും ഉത്തമവിശ്വാസത്തിലും ശരിയാണെന്നും, ഏതെങ്കിലും വിവരങ്ങൾ നൽകാതിരിക്കുകയോ / അപൂർണ്ണമായി നൽകുകയോ / തെറ്റായ വിവരങ്ങൾ നൽകുകയോ ചെയ്തിട്ടില്ലായെന്നും, ഏതെങ്കിലും വിവരങ്ങൾ നൽകാതിരിക്കുകയോ/ അപൂർണ്ണമായതോ തെറ്റായതോ ആയ വിവരങ്ങൾ നൽകിയതായി ബോധ്യമാകുന്ന പക്ഷം എന്റെ അപേക്ഷ നിരുപാധികം നിരസിക്കുന്നതിനും, നിയമനം നിരുപാധികം റദ്ദാക്കുന്നതിനും ബന്ധപ്പെട്ട അധികാരികൾക്ക് അവകാശമുണ്ടായിരിക്കുമെന്നും ഞാൻ മനസ്സിലാക്കുന്നു.

അപേക്ഷകന്റെ ഒപ്പ്

അപേക്ഷകന്റെ പേരും മേൽ വിലാസവും

സ്ഥലം:

തീയതി:

**<u>കുറിപ്പ് :</u>** വിജ്ഞാപനത്തിൽ സൂചിപ്പിച്ചിരിക്കുന്നത് പ്രകാരമുള്ള കാഴ്ചശക്തി തെളിയിക്കുന്നതിനുള്ള രേഖ

(അംഗീകൃത നേത്ര രോഗ വിദഗ്ധന്റെ സർട്ടിഫിക്കറ്റ്), അപേക്ഷകന്റെ പ്രായം, സ്ഥിരം മേൽവിലാസം എന്നിവ തെളിയിക്കുന്ന രേഖകളുടെ പകർപ്പുകൾ എന്നിവ സ്വയം സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്.

**<u>സാക്ഷ്യപത്രം</u>**

…………………………... തസ്തികയിൽ ഈ കാര്യാലയത്തിൽ പ്രവർത്തിയെടുത്തുവരുന്ന .. ………………...…….. എന്നയാളുടെ സർവീസ് രേഖകൾ പരിശോധിച്ചതിൽ നിന്നും മേൽപ്പറഞ്ഞ വസ്തുതകൾ ശരിയാണ് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

യൂണിറ്റ് മേധാവിയുടെ/ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഒപ്പ്

ഓഫീസ് മുദ്ര

പൂങ്കുഴലി ജി ഐ പി എസ്
അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ
For Director General of Police-cum-State
Police Chief